ഉത്തരം

(എ-ബി) സംസ്ഥാനത്തെ വാർഷിക പദ്ധതികളിൽ ഉൾപ്പെട്ട വികസന പദ്ധതികളുടെ നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിൽ 'പ്ലാൻ സ്പേസ്' എന്ന ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് യോഗത്തിലും സർക്കാർ തലത്തിൽ ചീഫ് സെക്രട്ടറി നടത്തുന്ന വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിലും വികസന പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

(സി) ബാധകമല്ല.

(ഡി) പരിശോധിച്ചുവരുന്നു.

ഗ്രാമവികസന വകുപ്പുമുഖേന അനുവദിച്ച തുക

4 (7301) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കോഴിക്കോട് ജില്ലയിലും പേരാമ്പ്ര മണ്ഡലത്തിലും ഗ്രാമവികസന വകുപ്പ് മുഖേന ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളുണ്ടോ എന്നും ഉണ്ടെങ്കിൽ അവയുടെ പേരുവിവരവും അവ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ ;

(സി) നബാർഡ് സഹായത്തോടെ എത്ര പ്രവൃത്തികൾക്ക് തുക അനുവദിച്ചു എന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു,

വൻകിട പദ്ധതികൾക്ക് മാത്രമായി ഒരു പുതിയ ബഡ്ജറ്റ് ഹെഡ്

5 (7302) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന വൻകിട പദ്ധതികൾക്ക് മാത്രമായി ഒരു പുതിയ ബഡ്ജറ്റ് ഹെഡ് ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) സാമ്പത്തിക വർഷത്തിന്റെ അവസാനം വൻകിട പദ്ധതികൾക്ക് ധനലഭ്യത ഉറപ്പുവരുത്തുവാൻ എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ബഡ്ജറ്റ് ഹെഡിൽ തുക വകയിരുത്താനും ചെലവഴിക്കാനും ആസൂത്രണ ബോർഡിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് നടപ്പാക്കുന്ന വൻകിട പദ്ധതികൾക്കായി 'വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതി'-യിൽപ്പെടുത്തി 5475-00-800-92 എന്ന ബജറ്റ് ശീർഷകത്തിൽ 2013-14-ൽ 846.03 കോടി രൂപ വകയിരുത്തിയിരുന്നു. 2014-15 സാമ്പത്തികവർഷം 10 വൻകിട പദ്ധതികൾക്കായി പ്രസ്തുത ശീർഷകത്തിൽ 1225 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

1. കൊച്ചി - പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് മാനുഫാക്ചറിംഗ് സോൺ
2. പെട്രോളിയവും കെമിക്കൽസും പെട്രോകെമിക്കൽസും ഇൻവെസ്റ്റ്മെന്റ് മേഖല
3. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖം
4. കൊച്ചി മെട്രോ
5. തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോ റയിൽ പദ്ധതികൾ
6. കണ്ണൂർ എയർപോർട്ട്
7. മൊബിലിറ്റി ഹബ്ബ്
8. സബർബൻ റയിൽ കോറിഡോർ
9. 35-ാം ദേശീയ ഗെയിംസ്
10. തലസ്ഥാന നഗര വികസന പദ്ധതി.

(ബി) വിവിധ വൻകിട പദ്ധതികൾക്ക് പ്രത്യേകം പ്രത്യേകം ബജറ്റ് ശീർഷകത്തിൽ ഫണ്ട് വകയിരുത്തുമ്പോൾ സാമ്പത്തിക വർഷത്തിന്റെ അവസാനം പണം പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെവന്നിട്ടുള്ള സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്. വൻകിട വികസന പദ്ധതികളുടെ കാര്യത്തിൽ പ്രത്യേകിച്ചും അവയുടെ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭത്തിൽ അനുവദിച്ചിട്ടുള്ള ഫണ്ട് ആ സാമ്പത്തികവർഷംതന്നെ വിനിയോഗിക്കുന്നതിന് പല പരിമിതികളുമുണ്ട്. ഇത് ഒഴിവാക്കുന്നതിനായി ഇത്തരത്തിലുള്ള വിവിധ പദ്ധതികളുടെ ഫണ്ട് ഒരു ശീർഷകത്തിൽ വകയിരുത്തിയാൽ അതിൽ നിന്നും ഓരോ പദ്ധതിയുടെയും നിർവ്വഹണ പുരോഗതി വിലയിരുത്തി ആവശ്യാനുസരണം ഫണ്ട് വിനിയോഗിക്കാൻ കഴിയും.

(സി) വൻകിട പദ്ധതികൾക്ക് സാമ്പത്തിക വർഷത്തിന്റെ അവസാനം ആവശ്യാനുസരണം ഫണ്ട് ലഭ്യമാക്കാനാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) വിവിധ വകുപ്പ് തലവൻമാരുടെ നിർദ്ദേശം പരിഗണിച്ച് സംസ്ഥാന ആസൂത്രണ ബോർഡാണ് ആവശ്യമായ ഫണ്ട് വകയിരുത്തുന്നത്. ഈ ഫണ്ടിന്റെ നിയന്ത്രണവും വിനിയോഗവും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറിയുടെ ചുമതലയിലാണ്. ഓരോ പദ്ധതിയ്ക്കും ഒരു ലക്ഷം രൂപ വീതം ബന്ധപ്പെട്ട മേഖലകളിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തി ഉപയോഗ വ്യവസ്ഥ വിശദമാക്കിയിട്ടുണ്ട്. ഓരോ പദ്ധതിയ്ക്കും ആവശ്യമായി വരുന്ന തുക മൊത്തത്തിലുള്ള തുകയിൽ നിന്നും പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി അനുസരിച്ച് ധനകാര്യ വകുപ്പ് നൽകുന്നതാണ്. ഈ ഫണ്ടിന്റെ വിനിയോഗത്തിനായി താഴെപ്പറയും പ്രകാരം ഒരു ഹൈപ്പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - ചെയർമാൻ

സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് - മെമ്പർ

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ

സെക്രട്ടറി, വ്യവസായ വകുപ്പ് - മെമ്പർ

സെക്രട്ടറി, ഗതാഗത വകുപ്പ് - മെമ്പർ

സെക്രട്ടറി, സ്പോർട്സ് & യുവജനകാര്യ വകുപ്പ് - മെമ്പർ

സെക്രട്ടറി, തുറമുഖ വകുപ്പ് - മെമ്പർ

ബന്ധപ്പെട്ട വകുപ്പ് തലവൻമാർ - പ്രത്യേക ക്ഷണിതാക്കൾ

മിഷൻ 676 പദ്ധതി ചാലക്കുടി മണ്ഡലത്തിൽ

6 (7303) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിഷൻ 676 പദ്ധതിയുടെ ഭാഗമായി ഗ്രാമവികസനം, ആസൂത്രണം, സാംസ്കാരികം എന്നീ വകുപ്പുകളുടെ ഏതെല്ലാം പ്രവർത്തനങ്ങളാണ് ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly